**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1680 21/01/2014-ൽ മറുപടിയ്ക്ക്

## സമഗ്ര നാളീകേര വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | |
| --- | --- |
| എ) സമഗ്ര നാളീകേര വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; | എ) 2012-13 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ 19.03.2013 ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി നാളികേര കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഇളനീരിനെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നതിലൂടെ എന്താണ് സർക്കാർ വിവക്ഷിക്കുന്നത്; | ബി) നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുക, നാളികേര കൃഷി ലാഭകരമാക്കുക എന്നതാണ് ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നതിലൂടെ സർക്കാർ വിവക്ഷിക്കുന്നത്. ഇതിന് പുറമെ ഇളനീർ ആരോഗ്യപരമായ പാനിയമാണെന്നുള്ളത് ഒരു വസ്തുതയാണ്. |
| സി) ഈ പ്രഖ്യാപനത്തിനുശേഷം ഇളനീരിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് പ്രത്യേകമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ; | സി) നാളികേരത്തിന്റെ വൈവിദ്ധ്യവത്ക്കരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സംസ്ഥാനത്തൊട്ടാകെ 1000 ഇളനീർ പാർലറുകൾ തുടങ്ങുന്നതിനും അതിൽ 100 എണ്ണം ഉടനെ തന്നെ ആരംഭിക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| ഡി) ഇതര പാനീയങ്ങൾ പരമാവധി ഒഴിവാക്കി സർക്കാർ ചടങ്ങുകളിലെല്ലാം ഇളനീർ നൽകുന്നതിലൂടെ ഔദ്യോഗിക പാനീയം എന്ന നിലയിൽ പ്രത്യേക പ്രചരണ പരിപാടിക്ക് രൂപം കൊടുക്കാമോ; | ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

ഇ) സർക്കാർ പ്രഖ്യാപനത്തിനു ശേഷം ഇളനീരിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിനുവേണ്ടി നാളിതുവരെ എത്ര രൂപ ചെലവിട്ടുവെന്നറിയിക്കുമോ; ആയത് ഏതെല്ലാം ഇനത്തിലാണെന്നും വിശദമാക്കാമോ?

ഇ) ബഹു.മുഖ്യ മന്ത്രിയുടെ യോഗതീരുമാന പ്രകാരം ഇളനീർ പാർലറുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, കേരഫെഡ് എന്നീ ഏജൻസികളെ പങ്കെടുപ്പിച്ചു കൊണ്ട് കൃഷി ഡയറക്ടർ യോഗം ചേരുകയും ഒരു ഇളനീർ പാർലർ യൂണിറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ എന്ന നിരക്കിൽ 100 ഇളനീർ പാർലറുകൾ ആരംഭിക്കുന്നതിന് ആവശ്യമായ 10 ലക്ഷം രൂപ 2012-13ലെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നീ വിളകളുടെ മൂല്യ വർദ്ധനവിനായി 425 ലക്ഷം രൂപ നൽകി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ നാളികേരം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇളനീർ പാർലറിനായി 10 ലക്ഷം രൂപ കണ്ടെത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ